# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 11/11/ 2019

## കൊല്ലം കളക്ട്രേറ്റിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ആരംഭിച്ചു



എയ്ഡ് പോസ്റ്റിന്റെ ഉത്ഘാടനം ശ്രീ. അബ്ദുൾ നാസർ ഐഎഎസ് നിർവ്വഹിക്കുന്നു

കൊല്ലം ജില്ലാ കളക്ട്രേറ്റിൽ പോലീസ് എയ്ഡ്പോസ്റ്റ് ആരംഭിച്ചു. കൊല്ലം കളക്ട്രേറ്റിൽ വരുന്ന ജനങ്ങൾക്ക് പോലീസുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ജില്ലാ ഭരണകൂടം സിറ്റി പോലീസുമായി ചേർന്ന് സഹായകേന്ദ്രം ആരംഭിച്ചത്. കളക്ട്രേറ്റ് കോമ്പൗണ്ടിൽ ആരംഭിച്ച എയ്ഡ് പോസ്റ്റിന്റെ സേവനം 24 മണിക്കൂറും പ്രവർത്തിക്കുമെന്ന് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി.കെ.മധു ഐപിഎസ് അറിയിച്ചു. എയ്ഡ് പോസ്റ്റിന്റെ ഉത്ഘാടനം കളക്ട്രേറ്റിൽ വച്ച് നടന്ന ചടങ്ങിൽ കൊല്ലം ജില്ലാ കളക്ടർ ശ്രീ. അബ്ദുൾ നാസർ ഐഎഎസ് നിർവ്വഹിച്ചു. കൊല്ലം സിറ്റി പോലീസ് മേധാവി ശ്രീ.പി.കെ.മധു ഐപിഎസ് ചടങ്ങിൽ സന്നിഹിതനായിരുന്നു. മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.